**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4335** — **01-07-2024 - ൽ മറുപടിയ്ക്ക്**

**വിഭവ സമാഹരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതികൾ പുതുതായി ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എത്ര തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണ ലക്ഷ്യവും വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ട തുകയുടേയും അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭ്യമായ ആകെ റവന്യൂ വരുമാനത്തിന്റേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

*തുക കോടിയിൽ*

| **വർഷം** | **ബജറ്റിൽ അധിക വിഭവ സമാഹരണമായി പ്രഖ്യാപിച്ച തുക** | **അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭിച്ച ആകെ റവന്യൂ വരുമാനം** |
|---|---|---|
| 2021-22 | - | 116640.24 |
| 2022-23 | 602 | 132724.65 |
| 2023-24 | 2955 | 122393.31* |

**അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം* (*)

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും യഥാർത്ഥത്തിൽ എത്ര തുക സമാഹരിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ട തുകയുടേയും അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭ്യമായ ആകെ റവന്യൂ വരുമാനത്തിന്റേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

*തുക കോടിയിൽ*

| **വർഷം** | **ബജറ്റിൽ അധിക വിഭവ സമാഹരണമായി പ്രഖ്യാപിച്ച തുക** | **അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭിച്ച ആകെ റവന്യൂ വരുമാനം** |
|---|---|---|
| 2021-22 | - | 116640.24 |
| 2022-23 | 602 | 132724.65 |
| 2023-24 | 2955 | 122393.31* |

**അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം*

<table>
<tr>
<td>(സി)</td>
<td>2023-24 സാമ്പത്തിക വർഷം എത്ര തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്;</td>
<td>(സി)</td>
<td>2023-24 സാമ്പത്തിക വർഷം റവന്യൂ വരുമാനം റവന്യൂ ചെലവ് എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷം യഥാക്രമം ഈ ഇനങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്ത കണക്കിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.
<table>
<tr><td colspan="3">തുക കോടിയിൽ</td></tr>
<tr><th>ഇനം</th><th>ബജറ്റിൽ വകയിരുത്തിയ തുക</th><th>അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം രേഖപ്പെടുത്തിയ തുക</th></tr>
<tr><td>റവന്യൂ വരുമാനം</td><td>1,35,418.67</td><td>1,22,393.31</td></tr>
<tr><td>റവന്യൂ ചെലവ്</td><td>1,59,360.91</td><td>1,39,741.80</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഇതിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും എത്ര തുക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;</td>
<td>(ഡി)</td>
<td>2023-24 സാമ്പത്തിക വർഷം റവന്യൂ വരുമാനം റവന്യൂ ചെലവ് എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷം യഥാക്രമം ഈ ഇനങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്ത കണക്കിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.
<table>
<tr><td colspan="3">തുക കോടിയിൽ</td></tr>
<tr><th>ഇനം</th><th>ബജറ്റിൽ വകയിരുത്തിയ തുക</th><th>അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം രേഖപ്പെടുത്തിയ തുക</th></tr>
<tr><td>റവന്യൂ വരുമാനം</td><td>1,35,418.67</td><td>1,22,393.31</td></tr>
<tr><td>റവന്യൂ ചെലവ്</td><td>1,59,360.91</td><td>1,39,741.80</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി 2023-24 ൽ ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എന്തു തുക കടം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?</td>
<td>(ഇ)</td>
<td>അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം പൊതു വിപണിയിൽ നിന്നുള്ള വായ്പ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ ഫണ്ട്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള വെയ്സ് & മീൻസ് മുൻകൂറുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ എന്നീ ഇനങ്ങളിൽ നിന്നും 30038.36 കോടി രൂപ തനി കടമെടുപ്പ് നടത്തിയിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ